(എച്ച്) കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം ലംഘിക്കുന്ന സംസ്ഥാന ലോട്ടറികൾക്ക് എതിരെ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചതിനെതിരെ 11-10-2004-ൽ ബഹു. സുപ്രീം കോടതി ഉത്തരവ് ലംഘിച്ച് നടപടി എടുത്തു എന്നാരോപിച്ച് മേഘാലയ സർക്കാർ ഫയൽ ചെയ്ത കോടതി അലക്ഷ്യക്കേസിൽ കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര നിയമം ലംഘിച്ചു നടത്തുന്ന ലോട്ടറികൾക്കെതിരെ ഇനി നടപടി സ്വീകരിക്കില്ല എന്ന് കേരള സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

ലോട്ടറി വകുപ്പിന്റെ വരവ് ചെലവ് കണക്കുകൾ

23 [2489] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ലോട്ടറി ടിക്കറ്റ് വിറ്റുവരവിൽ ലഭിച്ച തുകയും സമ്മാനം നൽകിയ തുകയും വകുപ്പിന്റെ പ്രവർത്തനത്തിനുവന്ന ചെലവും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാന ലോട്ടറി വകുപ്പിൽ എത്ര ജീവനക്കാരാണ് പണിയെടുക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

(രൂപ കോടിയിൽ)

വർഷം	ആകെ വരവ്	ആകെ ചെലവ്	അറ്റാദായം
1999-2000	102.15	91.12	11.03
2000-2001	133.38	106.59	26.79
2001-2002	122.69	120.92	1.77
2002-2003	131.69	120.29	13.40
2003-2004	134.98	115.11	19.87

(ബി) ലോട്ടറി ടിക്കറ്റ് വിറ്റുവരവിൽ ലഭിച്ച തുകയും വകുപ്പിന്റെ പ്രവർത്തനത്തിനു വന്ന മൊത്തം ചെലവും മുകളിൽ ചേർത്തിരിക്കുന്നു. കഴിഞ്ഞ 5 വർഷത്തെ സമ്മാന വിതരണയിനത്തിലുള്ള ചെലവ് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ചെലവ് (രൂപയിൽ)
1999-2000	54,65,65,282
2000-2001	64,41,00,425
2001-2002	80,30,55,855
2002-2003	76,87,24,846
2003-2004	70,96,98,602

(സി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ 453 ജീവനക്കാർ ജോലി ചെയ്യുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ക്രമവിരുദ്ധ സ്ഥാനക്കയറ്റം

24 [2490] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ഹൈക്കോടതി സ്റ്റേ നിലനിൽക്കവേ ഏതെങ്കിലും ഉദ്യോഗസ്ഥന് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ;

(ബി) ഇപ്രകാരം തെറ്റായി നൽകിയ സ്ഥാനക്കയറ്റം റദ്ദുചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഹൈക്കോടതി സ്റ്റേ നിൽക്കവെ ചട്ടവിരുദ്ധമായി സ്ഥാനക്കയറ്റം നൽകിയ ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയത്, 26-8-2004-ലെ ജി.ഒ. (ആർ റ്റി.) 5795/2004/ധന പ്രകാരം സർക്കാർ റദ്ദു ചെയ്തിരുന്നു.

(സി) പ്രൊമോഷൻ റദ്ദുചെയ്ത ഉത്തരവ് നടപ്പാക്കാൻ കാലതാമസം വന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് കെ. സി. എസ്. (സി. സി. എ.) ചട്ടം, 1960 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും അച്ചടക്കനടപടി കൈക്കൊള്ളുന്നതിനു അന്വേഷണം നടത്തി വരികയുമാണ്.

സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ വിപുലീകരണം

25 [2491] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly